**<u>വളരെ അടിയന്തിരം</u>**

"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ: ഐ1/12999/16

KSHBBuilding,ശാന്തിനഗർ
തിരുവനന്തപുരം-1
തീയതി: 29.03.2017

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് പ്ലാനിംഗ് - 2016-17 വർഷത്തെ പ്ലാൻ ശീർഷകത്തിലെ എക്സ്പെന്റീച്ചർ വിവരം ലഭ്യമാക്കുന്നത്-സംബന്ധിച്ച്.

*********

2016-17 വർഷത്തെ പ്ലാൻ ശീർഷകത്തിലെ കൃത്യമായ ചെലവ് വിവരങ്ങൾ ഇതോടൊപ്പം അയച്ചു തരുന്ന എക്സൽ (ഫോർമാറ്റിൽ 31/03/17 ന് <u>itdplanning@gmail.com</u> എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്. ഇ-മെയിൽ അയയ്ക്കുമ്പോൾ സബ്ജക്റ്റ് എന്നത് Final Expenditure-Plan 2016-17 എന്ന് രേഖപ്പെടുത്തേണ്ടതാണ്. മോഡേണൈസേഷൻ ഓഫ് ഐ.ടി.ഐസ് എന്ന് ശീർഷകത്തിലെ സ്പ്ലിറ്റ് അപ്പ് വിവരങ്ങളും അതിനായുള്ള പ്രൊഫോർമയിൽ അയച്ചു തരേണ്ടതാണ്. കൂടാതെ അട്ടപ്പാടി, നിലമ്പൂർ, ആര്യനാട് എന്നീ ഐ.ടി.ഐകളിൽ പോഷകാഹാര പദ്ധതി, ഉച്ച ഭക്ഷണ പദ്ധതി എന്നിവയുടെ ചെലവിന്റെ സ്പ്ലിറ്റ് അപ്പും അയച്ചു തരേണ്ടതാണ്. ചെലവ് വിവരങ്ങൾ അയച്ചു തരുന്നതിനൊപ്പം സ്ഥാപനത്തിലെ ഇതുമായി ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ടുമാർ, പ്രിൻസിപ്പാൾ എന്നിവരുടെ പേരും ഫോൺ നമ്പരും അയച്ചു തരേണ്ടതാണ്. ഡയറക്ടറേറ്റിൽ നിന്നും ഇവർക്ക് അറിയിപ്പ് ലഭിച്ചതിനു ശേഷം മാത്രമേ ചെലവ് വിവരങ്ങളുമായി ബന്ധപ്പെട്ട എല്ലാ ജീവനക്കാരും 31/03/2017ന് ഓഫീസ് വിട്ട് പോകാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകുന്നു.

എല്ലാ സ്ഥാപനമേധാവികളും/ഡി.ഡി.ഒ മാരും പദ്ധതി ശീർഷകങ്ങളിലെ അന്തിമ ചെലവ് വിവരങ്ങൾ BIMS മായി ഒത്തുനോക്കി

ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇക്കാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്. BIMS ലെ എക്സ്പെൻറീച്ചറും സ്ഥാപനങ്ങളിലെ എക്സ്പെൻറീച്ചറും തമ്മിൽ യാതൊരുവിധ വ്യത്യാസങ്ങളും ഇല്ലായെന്ന് പ്രത്യേകം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. വ്യത്യാസം കാണുന്ന പക്ഷം ട്രഷറിയുമായി ബന്ധപ്പെട്ട് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

മാർച്ച് 31 ന് തിരക്കിട്ട് ചെലവ് പട്ടികകൾ തയ്യാറാക്കുമ്പോൾ തെറ്റുകൾ കടന്നു കൂടുവാൻ സാധ്യതതയുള്ളതിനാൽ ഈ ചുറ്ററിയിപ്പ് ലഭിച്ചാൽ ഉടൻ തന്നെ എല്ലാ സ്ഥാപനമേധാവികളും/ഡി.ഡി.ഒ മാരും നാളിതുവരെയുള്ള ചെലവ് പട്ടിക **BIMS** മായി ഒത്തു നോക്കി ശരിയെന്ന് മുൻകൂട്ടി ഉറപ്പിക്കേണ്ടതാണ്.

ഈ വിഷയത്തിൽ എന്തെങ്കിലും സംശയ നിവാരണം നടത്തേണ്ടതുണ്ടെങ്കിൽ ചുവടെ ചേർത്തിട്ടുള്ള ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ശ്രീ.സഞ്ജീവ്.ജി.എസ്, ക്ലാർക്ക്, പ്ലാനിംഗ് സെക്ഷൻ-
ഫോൺ 8907561687

ശ്രീ.എ.മോഹൻകുമാർ, സീനിയർ സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ-
ഫോൺ 9446020963

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ സ്ഥാപനമേധാവികൾക്കും

ഡി:25/03/17

## പ്രൊഫോർമ

സ്ഥാപനത്തിന്റെ പേര്:

| ശീർഷകം: 2230-03-101-87-Modernisation-34-OC-3-OI-Plan-2016-17 | | | | | | |
|---|---|---|---|---|---|---|
| ക്രമ നം. | ഘടകങ്ങളുടെ പേര് വിവരം | തൻമാസം ചെലവായ തുക | മുൻമാസം വരെ ചെലവഴിച്ച തുക | ആകെ തുക | റിമാർക്സ് |
| 1. | Procurement for Revamping of trades | | | | |
| 2. | Procurement for Re-affiliation | | | | |
| 3. | Procurement for affiliation | | | | |
| 4. | Procurement for setting up of Computer lab | | | | |
| 5. | Procurement for pending payment 15-16 | | | | |
| 6. | Procurement for pending payment 14-15/13-14/12-13 | | | | |
| 7. | Other Expenses | | | | |

ആർ.ഇ. 12.17